# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.MPM22/1406/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 29/06/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.MPM22/1406/22 തീയ്യതി: 29/06/2022

## മലപ്പുറം ജില്ലയിലെ മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 16-02-2021 മുതൽ 09-06-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 20-06-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (**മുതൽ**) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 09-06-2022 | 20-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (**മുതൽ**) | തീയതി (വരെ) |
|---|---|
| 09-06-2022 | 20-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അബ്ദുൾ നാസർ. പി,ഓഡിറ്റ് ഓഫീസർ
ശ്രീ. അബ്ദുൽ ഗഫൂർ. സി, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ, സന്തോഷ്.പി,അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി. സുജിത. പി.കെ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഹബീബ കരുവള്ളി | പ്രസിഡന്റ് | 01-04-2020 | 31-01-2021 |
| ശ്രീ. കോയ ചോലക്കൽ | പ്രസിഡന്റ് | 01-02-2021 | 31-03-2021 |
| ശ്രീ. പി കെ രാജീവ് | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. മുഹമ്മദ് ബഷീർ എ | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ. ഉണ്ണികൃഷ്ണൻ ആർ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ. മൊയ്തു പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ഡോ. ബിനു ശശിധരൻ | മെഡിക്കൽ ഓഫീസർ( പിഎച്ച്.സി) | 01-04-2020 | 31-03-2021 |
| ഡോ. ബിന്ദു വിജയൻ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2020 | 31-03-2021 |
| ഡോ. റീം റഷീദ് | വെറ്ററനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി . സരള എംസി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ . അഷ്റഫ് | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീ. രാജു പട്ടുവിൽ | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി . റുബീന കെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sujitha.P.K (Auditor, On 16-06-2022)<br>Last Updated By: Sujitha.P.K (Auditor, On 17-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Sujitha.P.K (Auditor, On 16-06-2022)<br>Last Updated By: Sujitha.P.K (Auditor, On 17-06-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Sujitha.P.K (Auditor, On 16-06-2022)<br>Last Updated By: Sujitha.P.K (Auditor, On 17-06-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം(ACR പ്രകാരം)<br>Written By: Sujitha.P.K (Auditor, On 16-06-2022)<br>Last Updated By: Sujitha.P.K (Auditor, On 17-06-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Sujitha.P.K (Auditor, On 16-06-2022)<br>Last Updated By: Sujitha.P.K (Auditor, On 17-06-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sujitha.P.K (Auditor, On 16-06-2022)<br>Last Updated By: Sujitha.P.K (Auditor, On 17-06-2022) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Sujitha.P.K (Auditor, On 16-06-2022)<br>Last Updated By: Sujitha.P.K (Auditor, On 17-06-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Sujitha.P.K (Auditor, On 16-06-2022)<br>Last Updated By: Sujitha.P.K (Auditor, On 17-06-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Sujitha.P.K (Auditor, On 16-06-2022)<br>Last Updated By: ABDHU NAZER.P (Audit Officer, On 21-06-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sujitha.P.K (Auditor, On 16-06-2022)<br>Last Updated By: Sujitha.P.K (Auditor, On 17-06-2022) | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Sujitha.P.K (Auditor, On 16-06-2022)<br>Last Updated By: Unni.P (Deputy Director, On 28-06-2022) | 1-11 |
| 12 | പ്രവൃത്തി വൈകി പൂർത്തീകരിച്ചത് -പിഴ ഈടാക്കിയില്ല<br>Written By: Abdul.Gafoor.C (Asst. Audit Officer, On 20-06-2022)<br>Last Updated By: Unni.P (Deputy Director, On 28-06-2022) | 1-12 |
| 13 | പാറക്കടവ് കുടിവെള്ള പദ്ധതി പൂർത്തീകരിച്ചില്ല.<br>Written By: Abdul.Gafoor.C (Asst. Audit Officer, On 20-06-2022)<br>Last Updated By: Unni.P (Deputy Director, On 29-06-2022) | 1-13 |
| 14 | ഇ ടെണ്ടർ -ടെണ്ടർ ഫോമിന്റെ വില പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമായില്ല.<br>Written By: Abdul.Gafoor.C (Asst. Audit Officer, On 20-06-2022)<br>Last Updated By: Unni.P (Deputy Director, On 28-06-2022) | 1-14 |
| 15 | വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല<br>Written By: ABDHU NAZER.P (Audit Officer, On 21-06-2022)<br>Last Updated By: Unni.P (Deputy Director, On 29-06-2022) | 1-15 |
| 16 | എം. എൻ . ലക്ഷം വീട് പുനരുദ്ധാരണം- ലോൺ പലിശ തിരിച്ചടവ്-അപാകതകൾ<br>Written By: ABDHU NAZER.P (Audit Officer, On 21-06-2022)<br>Last Updated By: Unni.P (Deputy Director, On 29-06-2022) | 1-16 |
| 17 | സ്കൂളുകളിലേക്ക് ഫർണ്ണിച്ചർ വിതരണം- വിതരണവിവരം ലഭ്യമാക്കിയില്ല | 1-17 |

| | | |
|---|---|---|
| | Written By: Santhosh.P.T (Asst. Audit Officer, On 18-06-2022)<br>Last Updated By: Unni.P (Deputy Director, On 29-06-2022) | |
| 18 | സ്റ്റോക്ക് വിവരം ലഭ്യമാക്കേണ്ടതാണ്.<br>Written By: Santhosh.P.T (Asst. Audit Officer, On 18-06-2022)<br>Last Updated By: Unni.P (Deputy Director, On 28-06-2022) | 1-18 |
| 19 | രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ചെലവ് തുക തടസ്സം ചെയ്യുന്നു.<br>Written By: Santhosh.P.T (Asst. Audit Officer, On 18-06-2022)<br>Last Updated By: Unni.P (Deputy Director, On 29-06-2022) | 1-19 |
| 20 | അംഗൻവാടി-ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്<br>Written By: Santhosh.P.T (Asst. Audit Officer, On 18-06-2022)<br>Last Updated By: Sujitha.P.K (Auditor, On 20-06-2022) | 1-20 |
| 21 | ഐസിഡിഎസ് സൂപ്പർവൈസർ രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ<br>Written By: Santhosh.P.T (Asst. Audit Officer, On 18-06-2022)<br>Last Updated By: Unni.P (Deputy Director, On 29-06-2022) | 1-21 |
| 22 | സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല<br>Written By: Santhosh.P.T (Asst. Audit Officer, On 18-06-2022)<br>Last Updated By: Unni.P (Deputy Director, On 28-06-2022) | 1-22 |
| 23 | ന്യൂട്രിമിക്സിനു നൽകിയ ജി എസ് ടി -TDS ഈടാക്കിയ വിവരം ലഭ്യമാക്കേണ്ടതാണ്.<br>Written By: Santhosh.P.T (Asst. Audit Officer, On 18-06-2022)<br>Last Updated By: Unni.P (Deputy Director, On 29-06-2022) | 1-23 |
| 24 | പൊതു ടാപ്പുകളുടെ വെള്ളക്കര കുടിശ്ശിക അടവാക്കൽ- കുടിശ്ശികയുടെ നിജസ്ഥിതി പരിശോധിക്കേണ്ടതാണ്.<br>Written By: ABDHU NAZER.P (Audit Officer, On 21-06-2022)<br>Last Updated By: Unni.P (Deputy Director, On 29-06-2022) | 1-24 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Sujitha.P.K (Auditor, On 16-06-2022)<br>Last Updated By: Sujitha.P.K (Auditor, On 16-06-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sujitha.P.K (Auditor, On 16-06-2022)<br>Last Updated By: Sujitha.P.K (Auditor, On 17-06-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sujitha.P.K (Auditor, On 16-06-2022)<br>Last Updated By: Sujitha.P.K (Auditor, On 17-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sujitha.P.K (Auditor, On 16-06-2022)<br>Last Updated By: Sujitha.P.K (Auditor, On 16-06-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Sujitha.P.K (Auditor, On 16-06-2022)<br>Last Updated By: Sujitha.P.K (Auditor, On 17-06-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Sujitha.P.K (Auditor, On 16-06-2022)<br>Last Updated By: Sujitha.P.K (Auditor, On 17-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sujitha.P.K (Auditor, On 16-06-2022) | 4-7 |

| | | |
|---|---|---|
| | Last Updated By: Sujitha.P.K (Auditor, On 20-06-2022) | |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Sujitha.P.K (Auditor, On 16-06-2022)<br>Last Updated By: Sujitha.P.K (Auditor, On 20-06-2022) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം.<br>Written By: Sujitha.P.K (Auditor, On 16-06-2022)<br>Last Updated By: Sujitha.P.K (Auditor, On 16-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sujitha.P.K (Auditor, On 16-06-2022)<br>Last Updated By: Unni.P (Deputy Director, On 29-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Sujitha.P.K (Auditor, On 16-06-2022)<br>Last Updated By: Unni.P (Deputy Director, On 21-06-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2020-21 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| 1(1) തീ.24.03.2020 | 1(1) തീ.19.02.2021 |

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2021 | 10.06.2022 | --- | ----- |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 9036947 |
| വരവ് | 55966315 |
| ആകെ | 65003262 |
| ചെലവ് | 50676788 |
| നീക്കിയിരിപ്പ് | 14326474 |

### 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 6335443 | 6335443 | 6335443 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 3256922 | 3256922 | 3055327 | 201595 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 19684000 | 19684000 | 15386584 | 4297416 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3456681 | 3456681 | 3269772 | 186909 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied ) | 0 | 4437247 | 4437247 | 3345989 | 1091258 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied ) | 0 | 3210000 | 3210000 | 736934 | 2473066 |
| ബി ഫണ്ട് | 0 | 39020700 | 39020700 | 39020700 | 0 |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 194 | 75388398 | 146 | 37534180 | 0 | 48 | 75.25 |

### 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 224354 | 738219 | 962573 | 960065 | 2508 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 1148185 | 1148185 | 1148185 | 0 |
| ആകെ | 224354 | 1886404 | 2110758 | 2108250 | 2508 |

### 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 3844600 | 199 |
| വിധവാപെൻഷൻ | 12599100 | 609 |
| വാർദ്ധക്യകാലപെൻഷൻ | 16227200 | 905 |
| വികലാംഗപെൻഷൻ | 6008900 | 311 |
| വിവാഹ ധനസഹായം | 30000 | 1 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 240900 | 13 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.6.2022 ന് 3.00 PM മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1723/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
2. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല. പദ്ധതി മോണിറ്ററിംഗ് ഫലപ്രദമായി നടക്കുന്നില്ല.
3. തെരുവ് വിളക്കുകളുടെ പരിപാലനം കൃത്യമായി നിരീക്ഷിക്കുന്നതിനും കൂടെ കൂടെ വിലയിരുത്തുന്നതിനും വിളക്കുകളുടെ ഇനം, എണ്ണം, ലോക്കേഷൻ എന്നിവ കാണിക്കുന്ന രജിസ്റ്റർ സൂക്ഷിക്കേണ്ടതുണ്ട്.
4. മുൻ ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.
5 .ലൈബ്രറി സെസ് സമയബന്ധിതമായി അടവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.04.2022 | ഫെബ്രുവരി, മാർച്ച്-2022 | 23.02.2022 |
| എ.ജി ഓഡിറ്റ് | 20.05 2006 മുതൽ 28.05.2006 വരെ | 1997-98 മുതൽ 2005-2006 വരെ | 21.06.2006 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

1. അക്കൗണ്ടുകൾ പ്രതിമാസ റീകൺസിലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. വിവാഹ ധനസഹായമിനത്തിൽ 30000/- രൂപ ചെലവുണ്ടെങ്കിലും ആയത് വാർഷിക കണക്കിൽ (I-14d) ഉൾപ്പെടുത്തിയിട്ടില്ല.

3. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കാഷ് ബുക്ക് പ്രകാരമുള്ള ചെലവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

Cash Book(Financial Statement)- 10981656

AFS (I-6) -2108250

4. വാർഷിക കണക്ക് (B-5) പ്രകാരം ലോണിനത്തിൽ 610933/- ബാധ്യതയായി കാണിച്ചിട്ടുണ്ട്. ആയതിന്റെ ആധികാരികത പരിശോധിക്കാൻ ലോൺ രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

5. ഡെപ്പോസിറ്റ് വർക്കുകൾക്കായി കെ.എസ്.ഇ.ബി, വാട്ടർ അതോറിറ്റി എന്നിവക്ക് അഡ്വാൻസായി യഥാക്രമം 100912/-, 60000/- നൽകിയിട്ടുണ്ട്. ആയത് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

6.ഡെപ്പോസിറ്റ് രജിസ്റ്ററിൽ വാർഷിക സംഗ്രഹം രേഖപ്പെടുത്തിയിട്ടില്ല.

7.2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

8.ആസ്തി രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ B-11 പ്രകാരമുള്ള ആസ്തികളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

9.ഫിക്സഡ് അസറ്റുകൾക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയ കാൽക്കുലേഷൻ ഷീറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

(എൻക്വയറി നം.15/17.06.2022)

## 1-12 പ്രവൃത്തി വൈകി പൂർത്തീകരിച്ചത് -പിഴ ഈടാക്കിയില്ല

കേരള പൊതു മരാമത്ത് മാന്വലിൽ- സെക്ഷൻ 2005, 2112 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ കാലാവധി നീട്ടി നൽകുന്നതിനുള്ള അപേക്ഷ കരാറുകാർ, കരാർ കാലാവധി തീരുന്നതിന്ന് മുമ്പായി അപേക്ഷിക്കേണ്ടതും, നിർവ്വഹണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് ഭരണ സമിതിയുടെ തീരുമാനത്തിന് വിധേയമായി പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25% ഗ്രേസ് പീരീഡ് ആയി അനുവദിക്കാവുന്നതുമാണ്.

കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18/08/2018-ലെ എ സി 2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ, പ്രവൃത്തിയുടെ കരാറിലെ വ്യവസ്ഥകൾ എന്നിവ പ്രകാരം ആദ്യത്തെ 3 മാസക്കാലയളവിന് PAC-യുടെ 1 % നിരക്കിലും തുടർന്നുള്ള ഓരോ 3 മാസത്തിനും 2 % നിരക്കിലും പിഴ ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.

താഴെ പറയുന്ന പ്രവൃത്തികൾ കരാറുകാരന്റെ വീഴ്ച്ച മൂലം കാരാർ കാലയളവിൽ പൂർത്തീകരിച്ചിട്ടില്ല. ആയതിന് പിഴ ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | പ്രവൃത്തിയുടെ വിവരം | പിഴ ഇനത്തിൽ ഈടാക്കേണ്ട തുക |
|---|---|---|
| 1 | പ്രൊജക്ട്:മച്ചിങ്ങൽ റോഡ് അഭിവൃദ്ധിപ്പെടുത്തൽ(111/21)<br>നിർവ്വഹണം: അസി.എൻജിനീയർ<br>Agr.No: 93/18-19dt. 18.1.2019<br>M.Book No: 39/19-20<br>PAC: 84090<br>Vr .No: 7/20-21dt.21.4.20 ,57882 (മെയിന്റനൻസ് ഗ്രാന്റ് -റോഡ്)<br>സൈറ്റ് കൈമാറിയത്: 19.1.2019<br>പൂർത്തീകരിക്കേണ്ട തിയ്യതി: 18.4.2019 (3മാസം)<br>പൂർത്തീകരിച്ച തിയ്യതി: 11.2.20<br>കരാറുകാരൻ:അബ്ദുസ്സമദ്.പി | ആകെ -4643<br>[le, 19.4.19 To 18.7.19 (1%PAC)= 841<br>19.7.19. To 18.10.19 (2%PAC-1682)<br>19.10.19. To 18.1.20 (2%PAC-1682)<br>19.1.20 To 18.2.20 (24/92x@ 2%PAC-438) |

| | | |
|---|---|---|
| 2 | പ്രൊജക്ട്:അയ്യപ്പറമ്പ് കുറുമ്പിലക്കാട് റോഡ് മെയിന്റനൻസ്(110/21)<br>നിർവ്വഹണം: അസി.എൻജിനീയർ<br>Agr.No: 37/18-19dt. 29.9.2018<br>M.Book No: 43/19-20<br>PAC: 149506<br>Vr .No: 6/20-21dt.21.4.20 ,150000 (മെയിന്റനൻസ് ഗ്രാന്റ് -റോഡ്)<br>സൈറ്റ് കൈമാറിയത്: 29.9.2018<br>പൂർത്തീകരിക്കേണ്ട തിയ്യതി: 28.9.2019 (12മാസം)<br>പൂർത്തീകരിച്ച തിയ്യതി: 27.2.20<br>കരാറുകാരൻ:അബ്ദുസ്സമദ്.പി | ആകെ -3478<br>[le, 29.9.19. To 28.12.19 (1%PAC)= 1495<br>29.12.19 To 27.2.20 61/92x@2%PAC =1983) |
| 3 | പ്രൊജക്ട്: വടക്കാങ്ങര MPGUP സ്കൂളിൽ ടോയ്ലറ്റ് നിർമ്മാണം(186/21)<br>നിർവ്വഹണം: അസി.എൻജിനീയർ<br>Agr.No: 118/18-19dt. 4.6.2019<br>M.Book No: 81/19-20<br>PAC: 493010<br>Vr .No: 52/20-21dt.30.10.20,110549 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>Vr.No.52B/13.11.20,260000 (കേന്ദ്രാവിഷ്കൃത ഫണ്ട്)<br>സൈറ്റ് കൈമാറിയത്: 6.6.2019<br>പൂർത്തീകരിക്കേണ്ട തിയ്യതി: 7.12.2019 (6മാസം)<br>പൂർത്തീകരിച്ച തിയ്യതി: 4.3.20<br>കരാറുകാരൻ:മുഹമ്മദ് ഷരീഫ് | ആകെ -4715<br>[le, 8.12.19 To 4.3.20 88/92x1% Of PAC= 4715 |
| 4 | പ്രൊജക്ട്: ആയുർവ്വേദ ഡിസ്പെൻസറി അടിസ്ഥാന സൗകര്യം ഏർപ്പെടുത്തൽ (113/21)<br>നിർവ്വഹണം: അസി.എൻജിനീയർ<br>Agr.No: 88/18-19dt. 7.1.2019<br>M.Book No: 71/19-20<br>PAC: 99395<br>Vr .No: 9/20-21dt.21.4.20 ,86318 (മെയിന്റനൻസ് ഗ്രാന്റ് -(മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ്)<br>സൈറ്റ് കൈമാറിയത്: 7.1.2019<br>പൂർത്തീകരിക്കേണ്ട തിയ്യതി: 6.4.2019 (3മാസം)<br>പൂർത്തീകരിച്ച തിയ്യതി: 17.3.20<br>കരാറുകാരൻ:മുഹമ്മദ് ഹാഫിഖ് | ആകെ -6504<br>[le, 7.4.2019 To 6.7.19 (1%PAC)= 994<br>7.7.19 To 6.10.19 (2%PAC-1988)<br>7.10.19 To 6.1.20 (2%PAC-1988)<br>7.1.20 To 17.3.20 71/92x2% Of PAC= 1534 |

| | | |
|---|---|---|
| 5 | പ്രൊജക്ട്: ബഡ്സ് സ്കൂളിൽ അടിസ്ഥാന സൗകര്യം ഏർപ്പെടുത്തൽ (112/21)<br>നിർവ്വഹണം: അസി.എൻജിനീയർ<br>Agr.No: 78/18-19dt. 13.12.2018<br>M.Book No: 55/19-20<br>PAC: 198909<br>Vr .No: 8/20-21dt.21.4.20 ,174484 (മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ്)<br>സൈറ്റ് കൈമാറിയത്: 14.12.2018<br>പൂർത്തീകരിക്കേണ്ട തിയ്യതി: 13.5.19 (5മാസം)<br>പൂർത്തീകരിച്ച തിയ്യതി: 4.3.20<br>കരാറുകാരൻ:അബ്ദുസ്സമദ്.പി | ആകെ -10809<br>[le, 14.5.2019 To 13.8.19 (1%PAC)= 1989<br>14.8.19 To 13.11.19 (2%PAC-3978)<br>14.11.19 To 13.2.20 (2%PAC-3978)<br>14.2.20 To 4.3.20 (2%PAC-20 Days) 20/92x@2%of PAC=864 |

പിഴ ഈടാക്കാതെ കരാറുകർക്ക് ഫൈനൽ ബിൽ അനുവദിച്ച് നൽകിയത് ക്രമ പ്രകാരമല്ല. ആയതിനാൽ ആകെ ഈടാക്കേണ്ട രൂപ 30149 ഉത്തരവാദിയായ വ്യക്തികളിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.1/15-06-2022 ന് തുക ഈടാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.)

## 1-13 പാറക്കടവ് കുടിവെള്ള പദ്ധതി പൂർത്തീകരിച്ചില്ല.

2017-18 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം ഏറ്റെടുത്ത പാറക്കടവ് കുടിവെള്ളപദ്ധതിക്ക് (പ്രൊജക്ട് നം.226/18,133/20,107/21) 450000 രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ് 250000,ബ്ളോക്ക് വിഹിതം 200000) വകയിരുത്തുകയും ചെയ്തിട്ടുണ്ട്.ശ്രീ മുഹമ്മദാലി.പി എന്ന കരാറുകാരൻ എസ്റ്റ്മേറ്റ് നിരക്കിൽ പ്രവൃത്തി ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. (കരാർ നം.131/17-18 Dt. 27.3.2018) കിണർ നിർമ്മാണം,പമ്പ് ഹൗസ് ,വിതരണ ലൈൻ,ടാങ്ക് എന്നിവ ഉൾപ്പെട്ട പദ്ധതിയിൽ നാളിതുവരെയായി കിണർ നിർമ്മാണം മാത്രം 4.3.20 -ൽ പൂർത്തീകരിച്ച് 250000 രൂപ പാർട്ട് ബില്ലായി (Vr.44/21 തി.28.8.20) കരാറുകാരന് നൽകിയിട്ടുണ്ട്.മോട്ടോർ,വൈദ്യുതി കണക്ഷൻ എന്നിവക്ക് എസ്റ്റിമേറ്റിൽ പ്രൊവിഷൻ വെച്ചതായും കാണുന്നില്ല.പ്രവൃത്തി ഏറ്റെടുത്ത് 4 വർഷം കഴിഞ്ഞിട്ടും പദ്ധതി മുഴുവനായും പൂർത്തീകരിച്ചിട്ടില്ല.ആയതിന് കാരണം വ്യക്തമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.14/176.2022 നൽകിയെങ്കിലും മറുപടി ലഭ്യമായില്ല.പ്രവൃത്തി പൂർത്തീകരിക്കാൻവേണ്ട അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 ഇ ടെണ്ടർ -ടെണ്ടർ ഫോമിന്റെ വില പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമായില്ല.

2020-21വർഷത്തിൽ 5 ലക്ഷത്തിനു മുകളിലുള്ള താഴെപ്പറയുന്ന പ്രവർത്തികൾ ഇ ടെണ്ടർ മുഖേന നടപ്പിലാക്കിയിട്ടുണ്ട്.നിലവിൽ ടെണ്ടർ ഫോറത്തിന്റെ വില എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമായിട്ടില്ല.20-21 വർഷത്തിൽ ലഭ്യമാക്കാനുള്ള തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

| പ്രവർത്തി | പങ്കെടുത്ത കരാറുകാരുടെ എണ്ണം | ടെണ്ടർ ഫോറം വില |
|---|---|---|
| ടാക്കീസ് റോഡ് ഇംപ്രൂവ്മെന്റ്(19/21)) | 2 | 1000x2=2000 |
| പള്ളിപ്പടി ചെട്ടിയാരങ്ങാടി റോഡ്(25/21) | 2 | 1800x2=3600 |
| കളാവ് മദ്രസ്സപ്പടി-പേഴുമ്പറമ്പ റോഡ്(89/21) | 6 | 1000x6=6000 |
| കിഴക്കേ കുളമ്പ്-വടക്കേ കുളമ്പ് റോഡ് ഇംപ്രൂവ്മെന്റ് | 2 | 1900x2=3800 |
| ആകെ | | 15400 |

2019-20 മുതൽ 21-22 വരെ ഇ ടെണ്ടർ മുഖേനനടപ്പിലാക്കിയ പ്രവത്തികളുടെ ടെണ്ടർ ഫോം വില 164691 രൂപ ലഭ്യമാക്കണം എന്നാവശ്യപ്പെട്ട് 3.6.2022 ലെ AE/LID&EW/MKPBGP/01കത്ത് പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ട്.തുക ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-15 വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിൽ 2020-21 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ചുവടെ ചേർത്തിട്ടുള്ള പ്രോജക്ടുകളിൽ വിവിധ സ്ഥാപനങ്ങൾക്ക് ഗ്രാമ പഞ്ചായത്തിന്റെ വിഹിതം നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും ടി- തുകയ്ക്കുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| പ്രോജക്ടിന്റെ പേരും നമ്പരും | തുക നൽകിയ സ്ഥാപനം | നൽകിയ തുക | ബിൽ നമ്പർ/ ചെക്ക് നമ്പർ |
|---|---|---|---|
| എസ്.എസ്.എ. വിഹിതം (1/21) | എസ്.എസ്.എ. ജില്ലാ പ്രോജക്ട് ഓഫീസർക്ക് | 300000 | ബിൽ നം. 4/14.5.2020 |
| എസ്.എസ്.എ. വിഹിതം നൽകൽ (എസ്.സി.പി.)(2/21) | എസ്.എസ്.എ. ജില്ലാ പ്രോജക്ട് ഓഫീസർക്ക് | 200000 | ബിൽ നം. 5/14.5.2020 |
| ഐ.കെ.എം. വിഹിതം നൽകിയത്. (3/21) | ഐ.കെ.എം. | 41548 | ബിൽ നം. 3/14.5.2020 |
| തെരുവ് വിളക്കുകൾക്ക് മീറ്ററുകൾ സ്ഥാപിക്കൽ (223/21) | കെ.എസ്.ഇ.ബി, മക്കരപറമ്പ് | 100912 | ബിൽ നം. 17/23.11.20, 30621 രൂപ ചെക്ക് നമ്പർ- 0022664/23.11.20, 70291 രൂപ |
| വാർഡ്-5 ലെ ഐക്കരപ്പടി മക്കരപറമ്പ് റോഡ് പ്രദേശത്തേക്ക് മൂർക്കനാട് കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (157/21) | കേരള വാട്ടർ അതോറിറ്റി | 60000 | ബിൽ നമ്പർ- 16/16.11.2020 |
| ആകെ | | 702460 | |

മേൽ തുകയ്ക്കുള്ള വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം അതാത് സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമാക്കി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക 702460 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ- 7/17.6.2022)

## 1-16 എം. എൻ . ലക്ഷം വീട് പുനരുദ്ധാരണം- ലോൺ പലിശ തിരിച്ചടവ്- അപാകതകൾ

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ- 4/21 പ്രകാരം എം.എൻ. ലക്ഷം വീട് പുനരുദ്ധാരണം- ലോൺ തിരിച്ചടവിനായി പദ്ധതി ഫണ്ടിൽ നിന്നും 88068 രൂപ പിൻവലിച്ച് (ബിൽ നമ്പർ -6/14.5.2020 ) മക്കരപറമ്പ് സർവ്വീസ് സഹകരണ ബാങ്കിലേക്ക് നൽകിയിട്ടുണ്ട്. അഞ്ച് വർഷം മുമ്പ് എടുത്ത ലോണിന്റെ പലിശ തിരിച്ചടവിന് വേണ്ടിയാണ് പണം പിൻവലിച്ചിട്ടുള്ളത്.

2015-16 വർഷത്തിൽ 14,70000 രൂപയും 2016-17 വർഷം 280000 രൂപയുമുൾപ്പെടെ മൊത്തം 1750000 രൂപയാണ് എം.എൻ. ലക്ഷം വീട് പുനരുദ്ധാരണത്തിനായി ലോൺ എടുത്തത്. 25.9.2015 ന് ബാങ്കുമായി ഉണ്ടാക്കിയ കരാർ പ്രകാരം ലോൺ തുക 5 വർഷത്തിനുള്ളിൽ 5 തുല്യ ഗഡുക്കളായി തിരിച്ചടക്കേണ്ടതുണ്ട്. പലിശ നിരക്ക് 10ശതമാനം. മുതൽ തുക പദ്ധതി ഫണ്ടിൽ നിന്നും പലിശ തനത് ഫണ്ടിൽ നിന്നും അടവാക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

ലോൺ തിരിച്ചടച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| തിയതി | മുതൽ | പലിശ |
|---|---|---|
| 24.3.2016 | 300000 | 34323 |
| 25.11.16 | 500000 | 35623 |

| | | |
|---|---|---|
| 27.7.2017 | 300000 | 34697 |
| 25.7.2018 | 300000 | 32045 |
| 2019-20 (തിയതി രേഖപ്പെടുത്തിയിട്ടില്ല) | 350000 | - |
| 14.5.20 | | 88068 |
| ആകെ | 1750000 | 224756 |

മേൽ ലോണിന്റെ പലിശ തിരിച്ചടവിൽ ചുവടെ ചേർത്തിട്ടുള്ള അപാകത കാണുന്നു.

1. 2019-20 വർഷം പലിശ അടക്കാതെ മുതൽ മാത്രം അടവാക്കി 88068 രൂപ പലിശ 2020-21 ൽ അടവാക്കേണ്ടി വന്ന സാഹചര്യം വ്യക്തമാക്കിയിട്ടില്ല. ലോൺ അനുവദിച്ച വർഷം തന്നെ ലോണിന് പലിശ ചുമത്തിയിട്ടുണ്ട്. ആയതിന്റെ നിജസ്ഥിതി പരിശോധിക്കപ്പെട്ടിട്ടില്ല.

2. മേൽ ലോണിനത്തിൽ ഗ്രാമ പഞ്ചായത്തിന് ബാധ്യതയുള്ളതായി വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. പലിശ 88068 രൂപ പ്ലാൻ ഫണ്ട് വിനിയോഗിച്ചാണ് തിരിച്ചടച്ചത്. ഇത് വ്യവസ്ഥകൾക്ക് വിരുദ്ധമാണ്.

മേൽ അപാകത ചൂണ്ടിക്കാണിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 17/18.6.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വസ്തുതാപരമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-17 സ്കൂളുകളിലേക്ക് ഫർണ്ണിച്ചർ വിതരണം- വിതരണവിവരം ലഭ്യമാക്കിയില്ല

2020-21 വർഷത്തിൽ ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രോജെക്റ്റിന്റെ നിർവ്വഹണത്തിൽ അപാകതകൾ കാണുന്നു.

| പ്രോജെക്റ്റ് നമ്പർ,പ്രോജെക്റ്റിന്റെ പേര്,അടങ്കൽ | ചെലവ്<br>ബിൽ നമ്പർ/<br>തിയതി |
|---|---|
| 137/20-21<br>മക്കരപ്പറമ്പ് ഗ്രാമ പഞ്ചായത്തിലെ ഗവ: പ്രൈമറി സ്കൂളുകൾക്ക് ഫർണ്ണിച്ചർ 4,00,000 രൂപ<br>മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 3,99,804 രൂപ<br>ബിൽ നമ്പർ<br>52/11.4.2020 |

കേരള സ്മാൾ ഇൻഡസ്ട്രീസ് ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ നിന്നും ഗ്രാമപഞ്ചായത്തിലെ ഗവ: പ്രൈമറി സ്കൂളുകൾക്ക് നൽകുന്നതിനായി താഴെ പറയും പ്രകാരം ഫർണ്ണിച്ചർ വാങ്ങിയിട്ടുണ്ട്. (ഇൻവോയ്സ് നമ്പർ MJRI/19-20/206 Dt 23.1.20)

| ക്രമനമ്പർ | ഫർണ്ണിച്ചർ | എണ്ണം | വില | ആകെ വില |
|---|---|---|---|---|
| 1 | Steel Bench With 18mm Rubwood Top With Backrest<br>120*30*35/60cm | 25 | 2064 | 51,600 |
| 2 | Steel Deskwith 18mm Rubwood Top With Shelf And Three Side And Leg Covered With 22G CR SHEET,Shelf 22 GCR Sheet<br>120*40*65cm | 25 | 4194 | 1,04,850 |
| 3 | Steel Frame Bench With Rubwood Top<br>180*30*35/40 | 32 | 2410 | 77,120 |
| 4 | Steel Frame Desk With Rubwood Top<br>180*40*70/75 Cm | 32 | 3200 | 1,02,400 |
| | Central Tax | | | 30237.30 |
| | State Tax | | | 30,237.30 |

| | | | | |
|---|---|---|---|---|
| | 1E312KFC@1% | | | 3359.70 |
| | ആകെ | | | 3,99,804 |

ക്രമനമ്പർ 1,2എന്നിവ പ്രകാരം 25 സ്റ്റീൽ ബെഞ്ചും 25 സ്റ്റീൽ ഡെസ്കും വാങ്ങിയിട്ടുണ്ട്. ആയതിൽ 22 ബെഞ്ചുകളുടെയും 22 ഡെസ്കുകളുടെയും വിതരണ വിവരം ലഭ്യമാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന 3 സ്റ്റീൽ ബെഞ്ചുകളുടെയും 3 സ്റ്റീൽ ഡെസ്കുകളുടെയും വിതരണ വിവരം ലഭ്യമാക്കിയില്ല. ഇതു സംബന്ധിച്ച് നമ്പർ 3/17.6.2022 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. മറുപടിയിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ കടുത്ത പനി ബാധിച്ചിരിക്കുകയാണെന്നും അസുഖബാധിതനായതിനാൽ രേഖകൾ പിന്നീട് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. രേഖകൾ ഹാജരാക്കുന്നതുവരെ വിതരണം ചെയ്യാത്ത മൂന്ന് സ്റ്റീൽ ബെഞ്ചുകളുടെ വില 6192(2064*3) രൂപയും സ്റ്റീൽ ഡെസ്കുകളുടെ വില 12582(4194*3) രൂപയും ഉൾപ്പടെ 18,774 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-18 സ്റ്റോക്ക് വിവരം ലഭ്യമാക്കേണ്ടതാണ്.

| പ്രോജെക്റ്റ് നമ്പർ,പ്രോജെക്റ്റിന്റെ പേര്,അടങ്കൽ | ചെലവ് |
|---|---|
| 32/20-21<br>അനുപൂരക പോഷകാഹാര വിതരണം- ജനറൽ<br>അടങ്കൽ-<br>479000-വികസന ഫണ്ട്<br>721000-ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>1000000-കേന്ദ്രാവിഷ്കൃത ഫണ്ട് | 473310-വികസനഫണ്ട്<br>721000-ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>1000000-കേന്ദ്രാവിഷ്കൃത ഫണ്ട് |

ബിൽ നമ്പർ 138/11.11.20 7,21,000 രൂപ

ബിൽ നമ്പർ 1004901/19/674 തി. 27.11 2019 പ്രകാരം 2,09,295 രൂപയുടെ സാധനങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ അങ്ങാടിപ്പുറത്തുനിന്നും വാങ്ങിയിട്ടുണ്ട്. ആയതിൽ 60052 രൂപയാണ് കഴിഞ്ഞ വർഷം നൽകിയത്. 84120 രൂപ 2020-21 വർഷ ബില്ലിൽ നിന്നും നൽകിയിട്ടുണ്ട്. അവശേഷിക്കുന്ന 65123 രൂപ ക്രമീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

മേൽ ബില്ലിൽ 368.65 രൂപ വിലയുള്ള 118 Kg ജെയ്റോസ് ശർക്കര വാങ്ങിയിട്ടുണ്ട്.ആകെ വില(118*368.65) =43500.7 രൂപ. ആയത് സ്റ്റോക്കിലെടുത്തതിന്റെ വിവരം ലഭ്യമാക്കിയില്ല.ഇതു സംബന്ധിച്ച് നമ്പർ 12/17.6.22 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടിയിൽ സ്റ്റോക്ക് വിവരങ്ങൾ ഉടനെ ഹാജരാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. 43,500/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-19 രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ചെലവ് തുക തടസ്സം ചെയ്യുന്നു.

2020-21 വർഷത്തിൽ ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ പ്രൊജക്ടുകളുടെ താഴെ പറയുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

| ക്രമനമ്പർ | പ്രോജെക്റ്റ് നമ്പർ,പ്രോജെക്റ്റിന്റെ പേര്,അടങ്കൽ | ചെലവ് ബിൽ നമ്പർ/ തിയതി | റിമാർക്സ് |
|---|---|---|---|
| 1 | 161/20-21<br>മക്കരപ്പറമ്പ് ഗവ: പ്രൈമറി സ്കൂളുകൾക്ക് ലാബ് ഉപകരണങ്ങൾ നൽകൽ<br>അടങ്കൽ- 50,000<br>മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 50,000 രൂപ<br>ബിൽ നമ്പർ<br>214/ 17.2.21 | പ്രോജെക്റ്റിന്റെ നിർവ്വഹണം സംബന്ധിച്ച യാതൊരു രേഖകളും ലഭ്യമാക്കിയില്ല. |
| 2 | 56/20-21<br>കുട്ടികളുടെ ലൈബ്രറിയിലേക്ക് | 1,91,060<br>ബിൽ നമ്പർ | പ്രോജെക്റ്റിന്റെ നിർവഹണം സംബന്ധിച്ച |

| | | | |
|---|---|---|---|
| | ആവശ്യമായ ബുക്കുകളും ഷെൽഫുകളും നൽകൽ<br>അടങ്കൽ- 2,00,000<br>മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 213/9.2.21<br>1,57,964 രൂപ<br>235/18.3.21<br>33,096 | യാതൊരു രേഖകളും ലഭ്യമാക്കിയില്ല. |

കൂടാതെ കാഷ്ബുക്ക്, ബിൽ ബുക്ക്, പ്രോജെക്റ്റ് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഇതു സംബന്ധിച്ച് നമ്പർ 2/17.6.2022 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. മറുപടിയിൽ അദ്ദേഹം അസുഖബാധിതനാണെന്നും അസുഖം മാറുന്ന മുറയ്ക്ക് രേഖകൾ ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. രേഖകൾ ഹാജരാക്കുന്നതുവരെ 2,41,060 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-20 അംഗൻവാടി-ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്

താഴെ പറയുന്ന അംഗൻവാടികളുടെ നിലവിലെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഓഡിറ്റിന് ഹാജരാക്കിയില്ല.

| സെന്റർ നമ്പർ | സ്ഥലം | വാർഡ് |
|---|---|---|
| 72 | വട്ടപ്പറമ്പ് | 1 |
| 64 | പോത്തുകുണ്ട് | 5 |

മേൽ അംഗനവാടികൾക്ക് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 13/17.6.22ന് ലഭ്യമാക്കിയ മറുപടിയിൽ മുൻ വർഷങ്ങളിൽ ഫിറ്റ്നെസ് ഉണ്ടായിരുന്നതെന്നും നിലവിലെ സാഹചര്യം പരിശോധിക്കുമെന്നും അറിയിച്ചിട്ടുണ്ട്.

## 1-21 ഐസിഡിഎസ് സൂപ്പർവൈസർ രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ

1 പ്രൊജെക്റ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2 മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് സൂക്ഷിക്കുന്നില്ല.

3 ഐ.സി.ഡിഎസ് സൂപ്പർവൈസർ നിർവഹണം നടത്തിയ പ്രൊജെക്ടുകൾ പ്രകാരമുള്ള സ്റ്റോക്ക് രജിസ്റ്റർ ശരിയായ രീതിയിൽ അല്ല സൂക്ഷിച്ചിട്ടുള്ളത്. സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിനു പകരം പേപ്പർ ഷീറ്റ് പല പേജുകളിലും ഒട്ടിച്ച് വച്ചിരിക്കുകയാണ് .2020-21 വർഷത്തിൽ അമൃതംന്യൂട്രിമിക്സ് വാങ്ങിയത് മാർച്ച് മുതൽ ഒക്ടോബർ വരെ ഒറ്റ പേജിൽ എഴുതി ടീച്ചേഴ്സിന്റെ ഒപ്പ് വാങ്ങിയിരിക്കുകയാണ്. സ്റ്റോക്ക് രജിസ്റ്റർ ഐസിഡിഎസ് സൂപ്പർവൈസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.സ്റ്റോക്ക് രജിസ്റ്റർ ശരിയായി എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-22 സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല

2020-21 വർഷത്തിൽ ഐസിഡിഎസ് സൂപ്പർവൈസർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജെക്റ്റ് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജെക്റ്റ് നമ്പർ,പ്രോജെക്റ്റിന്റെ പേര്,അടങ്കൽ | ചെലവ് |
|---|---|
| 32/20-21<br>അനുപൂരക പോഷകാഹാര വിതരണം- ജനറൽ<br>അടങ്കൽ-<br>479000-വികസന ഫണ്ട്<br>721000-ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>1000000-കേന്ദ്രാവിഷ്കൃത ഫണ്ട് | 473310-വികസനഫണ്ട്<br>721000-ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>1000000-കേന്ദ്രാവിഷ്കൃത ഫണ്ട് |

1 ബിൽ നമ്പർ 138/11.11.20 7,21,000 രൂപ

ഇൻവോയ്സ് നമ്പർ 194946/29.2.2020 പ്രകാരം കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ അങ്ങാടിപ്പുറം സ്റ്റോറിൽ നിന്നും താഴെ പറയും പ്രകാരം സാധനങ്ങൾ വാങ്ങിയിട്ടുണ്ട്.ആയതിന് നികുതി തുക ഒഴിവാക്കി സിവിൽ സപ്ലൈസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്.

| ക്രമനമ്പർ | ഇനം | അളവ്/ Kg | ആകെ വില |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ചെറുപയർ | 270 Kg | 27270 |
| 2 | ബിരിയാണി അരി | 180 | 7200 |
| 3 | ശബരി അഗ്മാർക്ക് വെളിച്ചെണ്ണ 1ലിറ്റർ | 90 | 17463.6 |
| 4 | സ്വാമീസ് റാഗി | 1080 | 65826 |
| 5 | സ്വാമീസ് നിലക്കടല | 180 | 26460 |
| 6 | ശർക്കര | 450 | 28728 |
| 7 | ഗോതമ്പ് | 33 | 40488.3 |
| | നികുതി | | 7151.46 |
| | ആകെ | | 2,20,587.36 |

മേൽപ്പറഞ്ഞ ഭക്ഷണ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കിയില്ല. ഇതു സംബന്ധിച്ച് നമ്പർ 12/17.6.22 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.മറുപടിയിൽ ആയത് ഉടനെ ഹാജരാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. സ്റ്റോക്കിലെടുത്ത് ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-23 ന്യൂട്രിമിക്സിനു നൽകിയ ജി എസ് ടി -TDS ഈടാക്കിയ വിവരം ലഭ്യമാക്കേണ്ടതാണ്.

ഗുഡ്സ് സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51,21-7-18 ലെ 28th ജി എസ് ടി കൗണ്ടസിൽ എന്നിവ പ്രകാരം 1-10-2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാങ്ങുന്ന സാധനങ്ങളുടെ ജി എസ് ടിയിൻമേൽ 2% TDS ഈടാക്കേണ്ടതാണ്..എന്നാൽ ഐസിഡിഎസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പൂരക പോഷകാഹാര വിതരണം എന്ന പദ്ധതി പ്രകാരം ന്യൂട്രിമിക്സ് വാങ്ങുന്നതിന് 2020-21 വർഷത്തിൽ ചെലവഴിച്ച തുകയിൽ TDS ഈടാക്കിയിട്ടില്ല.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | പ്രോജെക്റ്റ് | ന്യൂട്രിമികിസ് വാങ്ങുന്നതിന് ചെലവഴിച്ച തുക | സപ്ലൈ ചെയ്ത സ്ഥാപനം |
|---|---|---|---|
| 1 | 32/അനുപൂരക പോഷകാഹാര വിതരണം | 11,29,521 | ന്യൂവിറ്റ ഹെൽത്തി ന്യൂട്രിമികിസ് മൊറയൂർ |
| 2 | 33/അനുപൂരകപോഷകാഹാര വിതരണം എസ് സി പി | 3,12,154 | ന്യൂവിറ്റ ഹെൽത്തി ന്യൂട്രിമികിസ് മൊറയൂർ |

ഇതു സംബന്ധിച്ച് നമ്പർ 13/17.6.22 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. മറുപടിയിൽ ആയത് ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 പൊതു ടാപ്പുകളുടെ വെള്ളക്കര കുടിശ്ശിക അടവാക്കൽ- കുടിശ്ശികയുടെ നിജസ്ഥിതി പരിശോധിക്കേണ്ടതാണ്.

2020-21 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പൊതു ടാപ്പുകളുടെ വെള്ളക്കര കുടിശ്ശിക അടവാക്കുന്നതിന് ചുവടെ ചേർത്തിട്ടുള്ള വിധം തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രൊജക്റ്റ്/ നമ്പർ | വകയിരുത്തിയ തുക | ചെലവ് തുക | ബിൽ നമ്പർ/ ചെക്ക് നമ്പർ |
|---|---|---|---|
| പൊതു ടാപ്പുകളുടെ വെള്ളക്കര കുടിശ്ശിക അടവാക്കൽ 148/21 (Spill Over) | 111885 (എം.ജി. നോൺ റോഡ്) | 111885 | 29/28.3.2021 |
| കേരള വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം അടവാക്കൽ | 350000 (സി.എഫ്.സി.) | 350000 | 26/17.2.2021 |

| 214/21 | | | |
|---|---|---|---|

കേരള വാട്ടർ അതോറിറ്റി ലഭ്യമാക്കിയ ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള കുടിശ്ശിക തുകയാണ് മേൽ പ്രകാരം അടവാക്കിയിട്ടുള്ളത്. എന്നാൽ വാട്ടർ അതോറിറ്റിയുടെ ഡിമാൻറ് നോട്ടീസിൽ ആവശ്യപ്പെട്ട വിധത്തിൽ കുടിശ്ശിക യഥാർത്ഥത്തിൽ അടവാക്കാനുണ്ടോ എന്ന് ഫയലിൽ നിന്നും വ്യക്തമല്ല. 2018-19, 2019-20 ,20-21 വർഷങ്ങളിൽ ഓരോ മാസവും ടാപ്പുകളുടെ എണ്ണത്തിനനുസരിച്ചുള്ള വെള്ളക്കരം ഗ്രാമ പഞ്ചായത്ത് അടവാക്കിയിട്ടും വൻ തുക കുടിശ്ശികയായി വരാനുണ്ടായ കാരണം വ്യക്തമല്ല. പണം അടവാക്കിയിട്ടും അടുത്ത മാസത്തെ ഡിമാന്റ് നോട്ടീസുകളിൽ ആയത് കണക്കിലെടുക്കാതെ കുടിശ്ശിയായി ഉൾപ്പെടുത്തി ഫൈൻ ഉൾപ്പെടെ വീണ്ടും ഡിമാന്റ് ചെയ്ത് ഗ്രാമ പഞ്ചായത്തിന് നോട്ടീസ് നൽകുന്നുണ്ട്. ഇക്കാരണത്താൽ വാട്ടർ അതോറിറ്റിയുടെ കുടിശ്ശിക ബില്ലിന്റെ ആധികാരികത പരിശോധിക്കപ്പെടേണ്ടതുണ്ട്. പണം അടച്ചിട്ടും ആയത് കണക്കിലെടുക്കാതിരുന്നതിന്റെ ഉദാ. ചുവടെ ചേർക്കുന്നു.

| വാട്ടർ അതോറിറ്റി ബിൽ നം. | Closing Balance | Demand For The Month | റിമാർക്സ് |
|---|---|---|---|
| 50224/8.3.2021 | CB As On 28.2.2021<br>4,78,616<br>Fine-9388<br>For The Month-15313<br>Total-503317 | 15313 (March) | തൻമാസത്തെ 15313രൂപയും കുടിശ്ശികയായി4,61,885 രൂപയും 3/21 ൽ അടവാക്കി |
| 50784/13.4.2021 | CB As On 31.3.2021<br>5,03,317<br>Fine-9879<br>For The Month-16080<br>Total-529276 | 16080 (April) | 3/21 ൽ മേൽ പ്രോജക്റ്റ് പ്രകാരം അടവാക്കിയ കുടിശ്ശിക 4,61,885 രൂപയും തൻ മാസത്തെ 15313 രൂപയും 4/21 ലെ ബില്ലിൽ കണക്കിലെടുത്തിട്ടില്ല. |
| 52093/10.5.2021 | CB As On 30.4.2021<br>4,01,311<br>Fine-7829<br>For The Month-16080<br>Total-425220 | 16080 | 3/21 ൽ മേൽ പ്രോജക്റ്റ് പ്രകാരം അടവാക്കിയ കുടിശ്ശിക 350000 രൂപ കണക്കിലെടുത്തിട്ടില്ല. |
| 52777/7.6.2021 | CB As On 31.5.2021<br>4,25,220<br>Fine-8348<br>For The Month-0<br>Total-4,33,568 | 4/21 മുതൽ ടാപ്പുകൾ ഒഴിവാക്കി | 3/21 ൽ മേൽ പ്രോജക്റ്റ് പ്രകാരം അടവാക്കിയ കുടിശ്ശിക 350000 രൂപ കണക്കിലെടുത്തിട്ടില്ല. |
| 54033/8.7.2021 | CB As On 30.6.2021<br>4,33,568<br>Fine-8504 | | 3/21 ൽ മേൽ പ്രോജക്റ്റ് പ്രകാരം അടവാക്കിയ കുടിശ്ശിക 350000 രൂപ കണക്കിലെടുത്തിട്ടില്ല. |

| | | |
|---|---|---|
| | For The Month-0<br>Total-4,42,072 | |
| 54700/5.8.2021 | CB As On 31.7.2021<br>92072<br>Fine-1671<br>For The Month-0<br>Total-93,743 | 3/21 ൽ അടവാക്കിയ കുടിശ്ശിക 350000 രൂപ 8/21 ൽ നൽകിയ നോട്ടീസിലാണ് കുറവ് ചെയ്തിട്ടുള്ളത്. |

അടവാക്കുന്ന തുക യഥാസമയം അക്കൗണ്ട് ചെയ്യപ്പെടുന്നില്ലെന്ന് മേൽ ഡിമാന്റ് നോട്ടീസുകളിൽ നിന്നും വ്യക്തമാണ്. അടവാക്കുന്ന തുക യഥാസമയം പഞ്ചായത്തിന്റെ പേരിൽ അക്കൗണ്ട് ചെയ്യപ്പെടാതെ കുടിശ്ശികയായി കണക്കാക്കുകയും ടി തുകയ്ക്കുള്ള ഫൈൻ ഡിമാന്റ് ചെയ്യുകയും ചെയ്യുന്നു. 31.7.21 ലെ ഡിമാന്റ് നോട്ടീസിൽ ബാലൻസ് ആയി ചേർത്തിട്ടുള്ള 93,743 രൂപ ഇപ്രകാരം ഫൈൻ ക്യുമിലേറ്റ് ചെയ്ത് വന്നിട്ടുള്ളതായതിനാൽഅടവാക്കുവാൻ ഗ്രാമ പഞ്ചായത്തിന് ബാധ്യതയില്ല.

ഉപയോഗമില്ലാത്ത പൊതു ടാപ്പുകൾ ഉടൻ നിർത്തലാക്കണമെന്നും അത്തരം ടാപ്പുകളുടെ വെള്ളക്കരം അടവാക്കാൻ കഴിയില്ലെന്നും 15.5.2021 ലെ എ2-177/2017 നമ്പർ കത്ത് പ്രകാരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി കേരള വാട്ടർ അതോറിറ്റിയെ അറിയിച്ചിരുന്നു. എന്നാൽ വാട്ടർ അതോറ്റിയിൽ നിന്നും ഒരു മറുപടിയും ലഭിച്ചിട്ടില്ല. ജലജീവൻ മിഷൻ നിലവിൽ വന്ന സാഹചര്യത്തിൽ പൊതു ടാപ്പുകൾ ഉപയോഗമില്ലാത്തതിനാൽ 4/2021 മുതൽടാപ്പുകൾ ഒഴിവാക്കുന്നതിന് ഗ്രാമ പഞ്ചായത്ത് വാട്ടർ അതോറിറ്റിയെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 04/2021 മുതൽ പ്രതിമാസ വെള്ളക്കരം ഒഴിവാക്കിയിട്ടുണ്ടെങ്കിലും വെള്ളക്കര കുടിശ്ശിക ഇനത്തിൽ അടവാക്കിയ461885 രൂപ ഗ്രാമ പഞ്ചായത്തിന്റെ കണക്കിൽ യഥാസമയം ഉൾപ്പെടുത്തി കുടിശ്ശിക പുനർ നിർണ്ണയിച്ചിരുന്നില്ല. ആഗസ്റ്റ് 2021 ലെ ഡിമാന്റ് നോട്ടീസിൽ മാത്രമാണ് അടവാക്കിയ കുടിശ്ശിക തുക പൂർണ്ണമായും കണക്കിലെടുത്ത് ആയതിന്റെയടിസ്ഥാനത്തിൽ കുടിശ്ശിക പുനർ നിർണ്ണയിക്കുകയും ചെയ്തിട്ടുള്ളത്.

നിരവധി തവണ വാട്ടർ അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും ഗ്രാമ പഞ്ചായത്തിന്റെ കത്തുകളും അപേക്ഷകളും പരിഗണിക്കുകയോ ഉപയോഗ ശൂന്യമായ പൊതു ടാപ്പുകൾ നിർത്തലാക്കുന്നതിനുള്ള നടപടികളോ അതോറിറ്റിയുടെ ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ല. ഇക്കാര്യം 2.2.2022 ലെ 8(1) നമ്പർ തീരുമാന പ്രകാരം ഭരണ സമിതി ചർച്ച ചെയ്യുകയും വാട്ടർ അതോറിറ്റി മലപ്പുറം എക്സി. എഞ്ചിനീയർക്കെതിരെ നിയമ നടപടി സ്വീകരിക്കുന്നതിന് തീരുമാനിക്കുകയും എക്സി. എഞ്ചിനീയർക്കെതിരെ വക്കീൽ നോട്ടീസ് അയക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

വാട്ടർ അതോറിറ്റിയുടെ കുടിശ്ശിക ബില്ലിന്റെ നിജസ്ഥിതി പരിശോധിക്കപ്പെടേണ്ടതും രേഖാമൂലം കത്ത് നൽകിയിട്ടും സംയുക്ത പരിശോധനക്ക് തയ്യാറാകാത്ത അതോറിറ്റിയുടെ നിലപാട് ജി.ഒ.(ആർ.ടി.) 2242/2011/ ത.സ്വ.ഭ.വ, തി-28.9.2011 നമ്പർ ഉത്തരവിൽ സർക്കാർ നിർദ്ദേശിച്ചത് പ്രകാരം ബഹു. പഞ്ചായത്ത് ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

( ഓഡിറ്റ് എൻക്വയറി നമ്പർ- 19/ 20.6.2022 )

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 2020-21 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

## 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 110500 | 13/21-നെൽകൃഷിക്ക് കൂലി ചെലവ് | 110500 | 0 |
| | 275000 | 35/21-ഭിന്നശേഷി വിഭാഗം വിദ്യാർത്ഥികൾക്ക് പഠന സ്കോളർഷിപ്പ് | 275000 | 0 |
| ആകെ | 385500 | | 385500 | |
| ജില്ലാ പഞ്ചായത്ത് | 110500 | 13/21-നെൽകൃഷിക്ക് കൂലി ചെലവ് | 110500 | 0 |
| | 550000 | 35/21-ഭിന്നശേഷി വിഭാഗം വിദ്യാർത്ഥികൾക്ക് പഠന സ്കോളർഷിപ്പ് | 550000 | 0 |
| ആകെ | 660500 | | 660500 | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം./ ബിൽ/ചെക്ക് നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | 157/21- വാർഡ് 5 ലെ ഐക്കരപ്പടി മക്കരപറമ്പ് റോഡ് പ്രദേശത്തേക്ക് മൂർക്കനാട് കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 16/16.11.2020 | 60000 | 0 | ലഭ്യമല്ല | 60000 |

| | | | | | | |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 223/21- ഗ്രാമ പഞ്ചായത്തിലെ തെരുവു വിളക്കുകളുടെ കാര്യക്ഷമതക്ക് മീറ്ററുകൾ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി യിലേക്ക് തുക അടവാക്കൽ | 17/23.11.2020-30621 Ch No.0022664/ 23.11.2020 -70291 | 100912 | 0 | ലഭ്യമല്ല | 100912 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | തൻ വർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാനം ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 01 | ലൈഫ് പദ്ധതി | GO(MS)68/18/LSGD Dt. 24.03.2018 | 0 | 801090 | 190157 | | 610933 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 5000 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 0 |
| ആകെ | 5000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5000 |

2020-21 വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതിനമ്പർ/തീയതി |
|---|---|---|
| മലപ്പുറം ഡിസ്ട്രിക്ട് കോ.ഓപ്പറേറ്റീവ് ഹോസ്പ്റ്റൽ | 5000 | 853 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 8905/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2018-19 | 3.1.1<br>3.1.2<br>3.2.2 | 3350<br>2873<br>2682 | ശ്രീമതി.വിമല.പി.പി.അസി. എഞ്ചിനിയർ | 1200100773/25.11.2020 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിററ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിററ് നിയമം 23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളിൽ തീർപ്പാക്കാനവശേഷിക്കുന്നവയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2000-01 | 47 | 2002-03 | VII.I.10.7(1) | കാചിനിക്കാട് കിഴക്കേടത്ത് റോഡ് ടാറിംഗ് |
| 2000-01 | 49 | 2002-03 | VII.I.10.7(1l) | മാരാത്ത് കുളമ്പ് റോഡ് രൂപീകരണം |
| 2000-01 | 60(1) | 2002-03 | VII.I.10.7(1V) | പാറക്കടവ് റോഡ് ടാറിംഗ് |
| 2000-01 | 62(2) | 2002-03 | VII.I.10.7(V) | കാഞ്ഞാംപാടം ജലസേചന പദ്ധതി |
| 2000-01 | 63(1) | 2002-03 | VII.I.10.7(V1) | തടത്തിൽകുണ്ട് പിലാപ്പറമ്പ് റോഡ് ടാറിംഗ് |
| 2000-01 | 64(a),(b) | 2002-03 | VII.I.10.7(V1) | ചോലക്കൽ കുളമ്പ് റോഡ് ടാറിംഗ് |
| 2000-01 | 70 | 2002-03 | VII.I.10.7(VII1) | പൊള്ളോട്ട് ചിറമണ്ണ് സംരക്ഷണം |
| 2019-20 | 1-19 | 2020-21 | | മറുപടികൾ മുഴുവനും ലഭ്യമായിട്ടില്ല |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | ചാർജ്ജ് /സർചാർജ്ജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നമ്പറും തിയതിയും | തുക | |
| 1 | 00-01 | 29,31(a) | ശ്രീമതി പ്രേമലത | LF19478/Spl Cell/sc5 /04/30-1-17 | 2190 | 2119/- രൂപ 78076/12/3-5-17 രശീതി പ്രകാരം അടവാക്കിയിട്ടുണ്ട്. 71/-രൂപ ഒടുക്കാൻ ശേഷിക്കുന്നു. |
| 2 | 98-99 | 29,32 | ശ്രീമതി കെ എസ് വൽസമ്മ | LF 19756 /Spl Cell /SC/5/ 03/ 19-4-04 | 976 | വിവരം ലഭ്യമല്ല |
| 3 | 98-99 | 33,35 | ശ്രീ.പി സുകുമാരൻ | LF 19756/ Spl Cell/SC /5/03/ 19-4-04 | 4776 | വിവരം ലഭ്യമല്ല |
| 4 | 99-00 | 38(1),40 | ശ്രീമതി കെ എസ് വൽസമ്മ | LF 741 /Spl Cell /SC/06/ 8-7-08 /11-7-08 | 21154 | OP 219/18, OP Allowed 30-11-17 |
| 5 | 99-00 | 32 | ശ്രീമതി മനബായി | LF 741/ Spl Cell/ SC/06/ 1-10-18 | 5913 | വിവരം ലഭ്യമല്ല |

| | | | | | | |
|---|---|---|---|---|---|---|
| 6 | 02-03 | 10,17, 12(1) | ശ്രീമതി പ്രേമലത കെ | LF 22241 /Spl Cell/ Sc5/05 | 4652 | വിവരം ലഭ്യമല്ല |
| 7 | 97-98 | 32-2, 33,34(4), (5),35, 36(5), 42, 45,46, 50,51, 52,53, 54,55. | ശ്രീ.പി സുകമാരൻ സെക്രട്ടറി | LF16691 /Spl Cell /Sc5/04/ 31-12-15 | 127344 | വിവരം ലഭ്യമല്ല |
| 8 | 02-03 | 10,12 (1),17 | ശ്രീ.എ എം മുഹമ്മദ് ബഷീർ സെക്രട്ടറി | LF22241 /Spl Cell/sc 5/05/ 3-2-09 | 216+1296+3140 | 1512/-രൂപ(216+1296) 3992/17/7-3-16 രശീതി പ്രകാരം ഒടുക്കിയിട്ടുണ്ട്. 3140രൂപ ഒടുക്കുന്നതിന് ശേഷിക്കുന്നു. |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 9036947 |
| ഓഡിറ്റ് വർഷത്തെ വരവ് | 55966315 |
| ആകെ | 65003262 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 50676788 |
| നീക്കിയിരിപ്പ് | 14326474 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 10,05,794 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 7,02,460 | ശ്രീ. പി.കെ. രാജീവ്, സെക്രട്ടറി |
| 1-17 | 18,774 | ശ്രീ. അബ്ദുൾ അഷറഫ്, ഹെഡ് മാസ്റ്റർ |
| 1-18 | 43,500 | ശ്രീമതി. സരള, ഐ സി ഡി എസ് സൂപ്പർവൈസർ |
| 1-19 | 2,41,060 | ശ്രീ. അബ്ദുൾ അഷറഫ്, ഹെഡ് മാസ്റ്റർ |
| ആകെ | 10,05,794 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ് )റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1994-95<br>1995-96 | LFM-15/119/98/28.10.2010 | 1 |
| 1997-98 | LFM-13/2961/14/08.01.2015 | 15 |
| 1998-99 | LFM-13/2962/14/08.01.2015 | 12 |
| 2000-01 | LFM-13/2963/14/08.01.2015 | 12 |
| 2001-02 | LFM-11/1545/02/28.10.10 | 1 |
| 2002-03 | LFM-11/965/04/28.10.10 | 2 |
| 2003-04 | LFM-11/231/05/28.10.10 | 1 |
| 2004-05 | LFM-12/1895/08/28.10.10 | 3 |
| 2005-06 | KSAMPM-22/1954/19(1) /01.12.2020 | 2 |
| 2006-07 | KSAMPM-22/1954/19(2) /01.12.2020 | 1 |
| 2007-08 | KSAMPM-22/1954/19(3) /01.12.2020 | 2 |
| 2008-09 | KSAMPM-22/1954/19(4) /01.12.2020 | 4 |
| 2009-10<br>2010-11 | KSAMPM-22/1954/19(5) /03.12.2020 | 11 |
| 2011-12<br>2012-13 | KSAMPM-22/31/ 2020/24-07-2020 | 4 |
| 2013-14<br>2014-15 | KSAMPM-22/32/ 2020/19-05-2020 | 2 |
| 2015-16 | KSAMPM-22/33/ 2020/15-05-2020 | 4 |
| 2016-17 | KSAMPM-22/34/ 2020/19-05-2020 | 6 |
| 2017-18 | KSAMPM-22/753/ 2020/13-11-2018 | 9 |
| 2018-19 | KSAMPM-22/273/2021 /12.02.2021 | 23 |
| 2019-20 | KSAMPM-22/372/2022/11.04.2022 | 10 |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്